31.08.2026

# ജൂബിലി മോൺ. മുരിങ്ങാത്തേരി അവാർഡ് 2026 ഡോ. വിജയ് ആനന്ദ് ഇസ്മാവേലിന്

തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രി സ്ഥാപക ഡയറക്ടർ മോൺ. മാത്യു മുരിങ്ങാത്തേരിയുടെ സ്മരണാർത്ഥം ആരോഗ്യമേഖലയിൽ മിഷണറി ഉൾക്കാഴ്ച്ചയോടെയുള്ള സേവനങ്ങൾ പ്രോത്സാഹിപ്പിക്കാൻ സമ്മാനിക്കുന്ന ദേശീയതല അവാർഡിന് ഡോ. വിജയ് ആനന്ദ് ഇസ്മവേൽ അർഹനായി. അമ്പതിനായിരും രൂപയും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്. ഒക്ടോബറിൽ ജൂബിലി മിഷൻ ആശുപത്രിയിൽ നടക്കുന്ന ചടങ്ങിൽ അവാർഡ് സമ്മാനിക്കും.

ആസാമിലെ ആദിവാസി മേഖലയായ മകുണ്ടയിൽ അടച്ചുപൂട്ടിയിരുന്ന മകുണ്ട ക്രിസ്ത്യൻ കുഷ്ഠരോഗാശുപത്രി ഡോ. വിജയ് ആനന്ദും ഭാര്യ ഡോ. ആനും ചേർന്ന് 1993-ൽ പുനരാരംഭിച്ച് ആദിവാസികൾക്ക് അത്യാധുനിക ചികിത്സാ സൗകര്യങ്ങൾ നൽകിയതിനുള്ള അംഗീകാരമായാണ് അവാർഡ് സമ്മാനിക്കുന്നത്. പിന്നാക്ക മേഖലയിൽ മുപ്പത് വർഷമായി കഠിനാധ്വാനം ചെയ്ത് അത്യാധുനിക സൗകര്യങ്ങളുള്ള ആശുപത്രിയാക്കി വളർത്തി. തുടക്കത്തിൽ 20 രൂപയായിരുന്നു പ്രതിദിന വരുമാനം. മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിൽ ശസ്ത്രക്രിയ ഉൾപ്പെടെ ചികിത്സ നടത്തേണ്ടിവന്ന സാഹചര്യങ്ങളുമുണ്ടായിരുന്നു.  ഇന്ന് വിദൂരങ്ങളിൽ നിന്നുപോലും രോഗികൾ ചികിത്സ തേടി ഈ ജനകീയ ആശുപത്രിയിൽ എത്തുന്ന നിലയിലേക്ക് വളർത്തിയത് ഡോ. വിജയ് ആനന്ദ് ഇസ്മാവേലിന്റെ സമർപ്പിത സേവനമാണ്. കുഷ്ഠരോഗികളുടെ ചികിത്സയ്ക്ക് പ്രത്യേക ശ്രദ്ധ നൽകിയ അദ്ദേഹം രോഗം ഭേദമാക്കാമെന്ന് ബോധ്യപ്പെടുത്താൻ രോഗമുക്തരെ പരിചരണപ്രവർത്തകരാക്കി. അതിനിടെ സ്വയം കുഷ്ഠരോഗം ബാധിക്കുകയും രണ്ടുവർഷം ചികിത്സ സ്വീകരക്കുകയും ചെയ്ത അനുഭവവും അദ്ദേഹത്തിനുണ്ടായി. മകുണ്ട ആശുപത്രി ആസാമിൽ മാത്രമല്ല മിസോറാം, ത്രിപുര എന്നീ സംസ്ഥാനങ്ങളിലെ പിന്നാക്ക ആദിവാസി മേഖലകളിൽ കൂടിആരോഗ്യസേവനം നൽകുന്ന സ്ഥാപനമായി വളർന്നു. 2025-26-ൽ 1,38,329 ഔട്ട് പേഷ്യന്റുകൾക്കും 15,028 ഇൻപേഷ്യന്റുകൾക്കും സേവനം നൽകി. 3,260 പ്രധാന ശസ്ത്രക്രിയകൾ ഉൾപ്പെടെ 7,571 ശസ്ത്രക്രിയകളും 7,978 പ്രസവങ്ങളും നടന്നു.

വൈദ്യശാസ്ത്ര രംഗത്തെ ഗവേഷണത്തിലും നവീന സാങ്കേതിക വിദ്യകളിലും ഡോ. വിജയ് ആനന്ദിന്റെ സംഭാവന ശ്രദ്ധേയമാണ്. ശസ്ത്രക്രിയയ്ക്കിടെ രക്തം ശേഖരിച്ച് പുനരുപയോഗിക്കുന്ന കുറഞ്ഞ ചെലവിലുള്ള ഇൻട്രാ-ഓപ്പറേറ്റീവ് ഓട്ടോട്രാൻസ്ഫ്യൂഷൻ ഉപകരണം വികസിപ്പിക്കുന്നതിൽ അദ്ദേഹം പങ്കാളിയായി.  ഈ കണ്ടുപിടുത്തത്തിന് പേറ്റന്റും ലഭിച്ചിട്ടുണ്ട്. 2025-ൽ മലാവിയിലെ ബ്ലാന്റയറിൽ നടന്ന ഗ്ലോബൽ സർജറി സമ്മേളനത്തിൽ ഈ ഉപകരണത്തിന് ഒന്നാം സമ്മാനവും ലഭിച്ചു. വെല്ലൂർ മെഡിക്കൽ കോളേജ് നൽകുന്ന പോൾ ഹാരിസൺ അവാർഡ്, മദർ തെരേസ ഇന്റർനാഷണൽ അവാർഡ് തുടങ്ങി നിരവധി ദേശീയ അന്തർദേശീയ അംഗീകാരങ്ങളും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

2026 ഏപ്രിൽ മുതൽ അരുണാചൽ പ്രദേശിലെ നഹർലഗൂണിൽ നിഷി ബാപ്റ്റിസ്റ്റ് ചർച്ച് കൗൺസിലിന്റെ സഹകരണത്തോടെ പ്രവർത്തിക്കുന്ന ഡോ. വിജയ് ആനന്ദ് സംസ്ഥാനത്തെ ആദ്യ ക്രിസ്ത്യൻ മിഷൻ ആശുപത്രി ആരംഭിക്കാൻ നേതൃത്വം നൽകുന്നു. ചികിത്സ ലഭിക്കാൻ ഏറെ ദൂരം സഞ്ചരിക്കേണ്ടിവരുന്ന ടിഗ്ഡോ ഗ്രാമത്തിൽ ആരംഭിക്കുന്ന ഈ ആശുപത്രി ആദിവാസികൾക്കും നിർധന ജനങ്ങൾക്കും വലിയ പ്രതീക്ഷയാണ്.

എം.ബി.ബി.എസ്., എം.എസ്.(ജനറൽ സർജറി), എം.സി.എച്ച്.(പീഡിയാട്രിക് സർജറി) ബിരുദധാരിയായ ഡോ. വിജയ് ആനന്ദ് മുകണ്ട ആശുപത്രിയിൽ സർജൻ, പീഡിയാട്രിക് സർജൻ, മെഡിക്കൽ

സൂപ്രണ്ട്, സി.ഇ.ഒ. എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. ക്രിസ്ത്യൻ മെഡിക്കൽ കോളേജ് മിഷൻസ് വിഭാഗത്തിൽ കൺസൾട്ടന്റായും പ്രവർത്തിച്ചു.

മനുഷ്യസ്നേഹവും വൈദ്യശാസ്ത്ര വൈദഗ്ധ്യവും സാമൂഹിക പ്രതിബദ്ധതയും സമന്വയിപ്പിച്ച് രാജ്യത്തെ ഏറ്റവും പിന്നാക്ക മേഖലകളിൽ ആരോഗ്യസേവനത്തിന് പുതിയ മാതൃക സൃഷ്ടിച്ച സേവനങ്ങളെ ആദരിക്കാനാണ് ഡോ. വിജയ് ആനന്ദ് ഇസ്മാവേലിനെ ഈ വർഷത്തെ ആവർഡ് ജേതാവായി തെരഞ്ഞെടുത്തത്.

തൃശ്ശൂരിലെ ജൂബിലി മിഷൻ ആശുപത്രിയുടെ സ്ഥാപക ഡയറക്ടറായ മോൺ. മാത്യു മുരിങ്ങാത്തേരിയുടെ സ്മരണാർത്ഥം ആതുരശുശ്രൂഷാ രംഗത്തെ നിസ്വാർത്ഥ സേവനങ്ങളെ ആദരിക്കുന്നതിനായി ഏർപ്പെടുത്തിയതാണ് ഈ അവാർഡ്. കഴിഞ്ഞ വർഷങ്ങളിൽ ഡോ. ഏഡൻവാല (മരണാനന്തര ബഹുമതി), ഡോ. അലൻ ഡേവിഡ് ആലപ്പാട്ട് (മുംബൈ), ഡോ. ജോൺ സി. ഉമ്മൻ (ഒഡീഷ), ഡോ. അജിത് റൊണാൾഡ് ഗുരുബചൻ സിംഗ് (ചത്തീസ്ഗഡ്) എന്നിവർക്കാണ് ഈ അവാർഡ് സമ്മാനിച്ചത്.